## ഇരിങ്ങൽ നോർത്ത്
## എം.എൽ.പി.സ്കൂൾ

ഓയിൽമിൽ - മൂരാട്

# തിളക്കം

# അക്കാദമിക മാസ്റ്റർപ്ലാൻ
## 2025-26

| | | |
|---|---|---|
| സബ്ജില്ല | - | വടകര |
| ബി.ആർ.സി | - | മേലടി |
| സി.ആർ സി | - | താഴെകളരി |

Galaxy S23

# പൊതു ലക്ഷ്യങ്ങൾ

- 1 മുതൽ 4 വരെയുള്ള മുഴുവൻ കുട്ടികൾക്കും പഠനനേട്ടം ഉറപ്പുവരുത്തൽ
- ഇംഗ്ലീഷ് മലയാളം ഭാഷകൾ നന്നായി സംസാരിക്കാനും എഴുതാനും പരിശീലിക്കൽ
- പ്രകൃതിയെ അറിയാനും ഇത് വരും തലമുറയ്ക്ക് കൂടി ഉള്ളതാണെന്ന തിരിച്ചറിവ് ഉണ്ടാക്കാൻ
- പൊതുവിജ്ഞാനം വർദ്ധിപ്പിക്കാൻ
- പരമാവധി ലൈബ്രറി പുസ്തകങ്ങൾ വായിപ്പിക്കാൻ
- നല്ല ആരോഗ്യ ശീലവും, ശുചിത്വ ബോധവും ഉണ്ടാക്കൽ
- അഭിരുചിക്കനുസരിച്ച് പ്രോത്സാഹനം നൽകാൻ
- പോഷകാഹാര കുറവ് പരിഹരിക്കാൻ
- ചുറ്റുപാടിനെ അറിയാനും നിരീക്ഷണ ബുദ്ധി വളർത്തിയെടുക്കാനും
- ഹരിത വിദ്യാലയ സങ്കൽപ്പം സാക്ഷാൽകരിക്കൽ
- ഗണിതപഠനം നിത്യജീവിതവുമായി ബന്ധപ്പെടുത്തി രസകരമാക്കാൻ
- എല്ലാവരെയും ബഹുമാനിക്കാനും, സ്നേഹിക്കാനും, മതേതര ചിന്ത വളർത്തിയെടുക്കാനും
- നാട്ടിലെ വിവിധ മേഖലകളിൽ പ്രാവീണ്യം ഉള്ളവരെ സ്കൂളുമായി കൂട്ടിയിണക്കാൻ
- പാഠ്യപദ്ധതി നിർദ്ദേശിക്കുന്ന ആധുനിക സങ്കേതികവിദ്യ ഉപയോഗിച്ചുള്ള പഠനേട്ടം കൈവരിക്കാൻ

Galaxy S23

# ഇരിങ്ങൽ നോർത്ത് എം.എൽ.പി സ്കൂൾ

പയ്യോളി മുൻസിപ്പാലിറ്റിയിലെ 30ം വാർഡിൽ അന്തർദേശിയ കരകൗശല ഗ്രാമമായ സർഗാലയുടെ കൈയ്യെത്തും ദൂരത്ത് സ്ഥിതി ചെയ്യുന്ന ഒരു വിദ്യാലയമാണ് ഇരിങ്ങൾ നോർത്ത് എം.എൽ.പി. സ്കൂൾ. ദേശിയ പാതയിലെ ഓയിൽമിൽ ബസ്സ്റ്റോപ്പിൽ നിന്നും പടിഞ്ഞാറ് കോട്ടക്കൽ റോഡിൽ റെയിൽവെ ഗേയ്റ്റിലേക്കുള്ള ഏതാണ്ട് 100 മീറ്റർ ദൂരത്തിനുള്ളിലാണ്. ഈ വിദ്യാലയം. ജില്ലയിലെ എ ഗ്രേഡ് വായനശാലയായ പി.കെ കുഞ്ഞുണ്ണിനായർ സ്മാരക ലൈബ്രറിയും, ബ്രിട്ടീഷുകാരാൽ നിർമ്മിതമായ മൂരാട് പാലവും വിദ്യാലയത്തിന്റെ സമീപമാണ്.

## ചരിത്രം

ധീര ദേശാഭിമാനി കുഞ്ഞാലിമരയ്ക്കരുടെ ജന്മം കൊണ്ടും പാദസ്പർശം കൊണ്ടും പുണ്യമാക്കപ്പെട്ട പ്രദേശമാണ് ഇത്. സ്വാതന്ത്ര്യ സമരവുമായി ബന്ധപ്പെട്ട് നിരവധി പോരാട്ടങ്ങൾക്ക് സാക്ഷിയായ ഇരിങ്ങൾ പാറയാണ് ഇപ്പോൾ സർഗാലയായി കേരള ടൂറിസം വകുപ്പ് ഏറ്റെടുത്തിട്ടുള്ള സ്ഥലം. ഒരു കാലത്ത് ഇരിങ്ങൾ പാറയെ ആശ്രയിച്ചു കഴിഞ്ഞിരുന്ന പട്ടിണി പാവങ്ങളായ കരിങ്കൽ തൊഴിലാളികളും, പരമ്പരാഗത നെയ്ത്ത് തൊഴിലാളികളുടെയും, പൂഴി തൊഴിലാളികളുടെയും, ചകിരി തൊഴിലായികളുടേയും വിദ്യാഭ്യാസത്തിൽ പിന്നോക്കം നിന്നിരുന്ന മുസ്ലീം സമുദായക്കാരുടെയും മക്കൾക്കുവേണ്ടി യശശരീരനായ ജ. തോപ്പിൽ മൊയ്തു ഹാജി അവർകളാണ് ഈ വിദ്യാലയം സ്ഥാപിച്ചത്. പ്രദേശവാസികളുടെ വിദ്യാഭ്യാസ ഉന്നമനത്തിന് താൽപര്യം കാണിച്ച അദ്ദേഹം 1935 ലാണ് ഈ സ്ഥാപനം തുടങ്ങുന്നത്. ഭജന മഠത്തിന് സമീപം സി.കെ. ഗോവിന്ദൻ നായർ ഹെഡ്മാസ്റ്റർ ആയി കൊണ്ടാണ് ഈ സ്ഥാപനം ആദ്യം തുടങ്ങുന്നത്. പിന്നീട് മൂരാട് പടിഞ്ഞാറെ തുരുത്തിയിലും, കുറ്റിയിൽതാഴെ എന്ന സ്ഥലത്തും ഈ വിദ്യാലയം പറിച്ചു നടപ്പെട്ടിട്ടുണ്ട്. 1965 മുതൽ കുളങ്ങര വയൽ എന്ന ഇപ്പോഴത്തെസ്ഥലത്താണ് പ്രവർത്തിച്ചു വരുന്നത്. 1991 ൽ പിതാവിന്റെ മരണശേഷം ജ. അമീറലി മാസ്റ്ററാണ് ഈ സ്ഥാപനത്തിന്റെ മാനേജർ.

ഇരിങ്ങൽ മൂരാട് പ്രദേശത്തെ ആയിരക്കണക്കിന് പിഞ്ചുകുഞ്ഞുങ്ങൾക്ക് അക്ഷരദീപം തെളിയിച്ചുകൊടുത്ത ഈ വിദ്യാലയം വടകര സബ്ജില്ലയിലെയും, പയ്യോളി മുൻസിപ്പാലിറ്റിയിലെയും പ്രധാനപ്പെട്ട വിദ്യാലയങ്ങളിൽ ഒന്നാണ്. ഈ വിദ്യാലയത്തിൽ പഠിച്ച ഒട്ടനവധിപേർ പലരംഗങ്ങളിലും ഉന്നത സ്ഥാനം വഹിക്കുന്നവരാണ്. അധ്യാപനം, രാഷ്ട്രീയം, വൈദ്യശാസ്ത്രം, എന്നിങ്ങലനെയൊക്കെയുള്ള വിവിധ മേഖല.ളിൽ അവർ ഉണ്ട്. ഇന്ത്യയിലും, വിദേശത്തും അറിയപ്പെടുന്ന വ്യവസായിയും KRS ഗ്രൂപ്പിന്റെ സ്ഥാപകനുമായ ജ.മൊയ്തുഹാജി അവർകൾ ഈ വിദ്യാലയത്തിന്റെ പൂർവ്വവിദ്യാർത്ഥികളിൽ ഒരാളാണ്.

Galaxy S23

# അവസ്ഥാ വിശേഷം

## അക്കാദമികം

കുട്ടികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിൽ ഒട്ടനവധി നൂതന പരിപാടി കൾ സ്കൂളിൽ ആവിഷ്കരിച്ച് നടപ്പാക്കുന്നു. പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വരെ പ്രത്യേകം ശ്രദ്ധിക്കാറുണ്ട്. ഇംഗ്ലീഷ് ഭാഷയോടുള്ള പേടിയകറ്റാൻ എല്ലാ ദിവ സങ്ങളിലും ഇംഗ്ലീഷിൽതന്നെ നിർദ്ദേശങ്ങൾ നൽകിവരുന്നു. കുട്ടികളുടെ പഠനകാര്യ ങ്ങളെ കുറിച്ച് രക്ഷിതാക്കളുമായി നിരന്തരം അന്വേഷണം നടത്താറുണ്ട്. വായനയെ പ്രത്യേക സമ്മാനം നൽകി പ്രോത്സാഹിപ്പിക്കാറുണ്ട്. പിറന്നാളിനും മറ്റ് വിശേഷ ദിന ങ്ങളും മിഠായികൾക്കു പകരം പുസ്തകങ്ങളാണ് സ്വീകരിക്കാറ്. ഹോംവർക്കുകൾ എല്ലാ വിഷയങ്ങൾക്കും നൽകാറുണ്ട്. ആഴ്ചയിൽ നടത്താറുള്ള 2 അസംബ്ലികളിൽ ഒന് ഇംഗ്ലീഷിലാണ്. കലാമേളകളിൽ വടകര സബ്ജില്ലയിലെ 70ഓളം വിദ്യാലയങ്ങ ളിൽ 15 നുള്ളിലുള്ള സ്ഥാനം ലഭിക്കാറുണ്ട്. പത്രവർത്തയു ഡയറിയും എഴുതിക്കു ന്നു. ദിനാചരണങ്ങൾ വളരെ ഗൗരവത്തോടെ ആഘോഷിക്കാറുണ്ട്. എൽ.എസ്.എസ് ക്ലാസുകൾ വൈകുന്നേരങ്ങളിൽ നടക്കാറുണ്ട്. എസ്. ആർ.ജി യോഗങ്ങൾ ചേരു കയും പരിപാടികൾ ആസൂത്രണെ ചെയ്യറുമുണ്ട്. പൊതുവിജ്ഞാനം വർദ്ധിപ്പിക്കാൻ പത്രക്വിസ് നൽകുന്നു. എല്ലാ ദിവസവും പത്രവാർത്തകൾ ചർച്ചചെയ്യാറുണ്ട്. ആയി രത്തിലധികം വരുന്ന ലൈബ്രറി പുസ്തകങ്ങൾ സ്കൂളിൽ ഉണ്ട്. ഉച്ചഭക്ഷണം പാഴാ ക്കാതിരിക്കാൻ ശ്രദ്ധിക്കാറുണ്ട്. മറ്റുള്ളവരോടുള്ള ബഹുമാനവും, സ്നേഹവും, മതേ തപ ചിന്തയും ഉണ്ടാക്കാൻ നിർദ്ദേശം നൽകാറുണ്ട്.

## പരിമിതികൾ

എല്ലാക്ലാസ്സിലും കുറഞ്ഞത് 2 കുട്ടികളെങ്കിലും എഴുത്തും വായനയും അറിയാത്തവ രുണ്ട്. ക്ലബ് പ്രവർത്തനങ്ങൾ വേണ്ടത്ര സജീവമാക്കാറില്ല. ലൈബ്രറി പുസ്തകങ്ങ ളുടെ വായനകുറിപ്പ് കൃത്യമായി പരിശോധിക്കപ്പെടാറില്ല. പി.ടി.എ, ക്ലാസ് പി.ടി.എ യോഗങ്ങളിൽ കൂടുതലും അമ്മമാരാണ് പങ്കാളികളാകുന്നത്. അവർ ചർച്ചകളിൽ വേണ്ടത്ര സജീവമാകാറില്ല. കുട്ടികളുടെ സ്വന്തം സൃഷ്ടികൾ കിട്ടാത്തതിനാൽ പുസ്തകം പ്രസിദ്ധികരിക്കാൻ കഴിയുന്നില്ല. ആഴ്ചയിൽ ഒരു ദിവസം ഒരധ്യാപകൻ [illegible] ഒരു പുസ്തകത്തെ കുട്ടികൾക്ക് മുമ്പിൽ പരിചയപ്പെടുത്തണമെന്ന് തീരുമാനിച്ചിട്ടുണ്ടെങ്കിലും അത് നടപ്പാകാറില്ല.

Galaxy S23

## ഭൗതികം

ചെങ്കല്ലുകൊണ്ട് കെട്ടിയ ഓട് മേഞ്ഞ ഒറ്റ കെട്ടിടമാണ് വിദ്യാലയത്തിലുള്ളത് നിലം കാവി തേച്ചതാണ്. ഓഫീസ് ,കിച്ചൺ ടോയ്‌ലറ്റ്, കമ്പ്യൂട്ടർ റൂം, നഴ്സറി ക്ലാസ്സ് എന്നിവ ടൈൽസ് പാകിയതാണ്. പയ്യോളി പഞ്ചായത്ത് വിദ്യാഭ്യാസ സമിതി വക കിട്ടിയ മൈക്കാണ് ഉപയോഗിച്ച് വരുന്നത്. 2 പത്രങ്ങൾ സ്കൂളിൽ ഇടാറുണ്ട്.(ദേശഭിമാനി, മാതൃഭൂമി) . ടീവിയും, സിഡിയും വെച്ച് പാട്ടുകളും വീഡിയൊകളും കാണിച്ചു കൊടുക്കാറുണ്ട്.

ഒരു പ്രൊജക്ടർ രക്ഷിതാവിന്റെ വക സ്പോൺസർ കിട്ടിയിട്ടുണ്ട്. എല്ലാ ക്ലാസിലും ഫാനും, ലൈറ്റും, ഉണ്ട്. പൈപ്പ് കണക്ഷൻ ആവശ്യത്തിനുണ്ട്. അറുപതോളം പൂച്ചട്ടികളിൽ വിവിധതരം ചെടികൾ നട്ടുപിടിപ്പിച്ചിട്ടുണ്ട്. കൂടാതെ പല തണൽ മരങ്ങളും സ്കൂൾ മുറ്റത്തുണ്ട്. പാചകത്തിന് ഗ്യാസാണ് ഉപയോഗിക്കുന്നത്. ചെറിയ ഒരു കിണർ ഉണ്ട്. ആകർഷകമായ ചിത്രങ്ങളോട് കൂടിയാണ് സ്കൂളിന്റെ ചുവരുകൾ. കുഞ്ഞാറ്റ എന്ന പേരിൽ ഒരു നഴ്സറിയും സ്കൂളിൽ പ്രവർത്തിച്ചു വരുന്നുണ്ട്. എല്ലാ ക്ലാസ്സിലും ഉറപ്പുള്ള ബെഞ്ചും, ഡെസ്കുമാണുള്ളത്. അരി ഭദ്രമയി വലിയ അടച്ചുറപ്പുള്ള ഡ്രമ്മിലാണ് സൂക്ഷിച്ചിട്ടുള്ളത് 15 വർഷമായി കുട്ടികളുടെ യാത്രക്കായി ഒരു ജീപ്പ് സർവ്വീസ് ഉണ്ട്.

## പരിമിതികൾ

ഭൗതിക രംഗത്ത് ഇനിയും മാറ്റങ്ങൾ സ്കൂളിൽ ഉണ്ടാകേണ്ടതുണ്ട്. സ്മാർട്ട് ക്ലാസ്സുകൾ നിലവിൽ ഇല്ല. സ്കൂൾ കെട്ടിടം വളരെ പഴക്കം ചെന്നതാണ്. ക്ലാസ്സുകൾ പ്രത്യേക ചുവരുകളാൽ തരംതിരിക്കാതതിനാൽ ശബ്ദം വല്ലാതെ ബുദ്ധിമുട്ടാകുന്നു. റോഡ് വക്കിൽ ആയനതിനാൽ പുക മലിനീകരണവും വേറെ ഉണ്ട്. മാനേജർക്ക് സ്വന്തമായി സ്കൂൾ കെട്ടിടം മാത്രമേയുള്ളു. അതിനാൽ ചുറ്റുമതിലോ ജൈവവൈവിധ്യപാർക്കോ മറ്റുസൗകര്യങ്ങളോ ഒരുക്കാൻ കഴിയുന്നില്ല . കമ്പ്യൂട്ടർ മൂന്നും പ്രവർത്തിക്കുന്നില്ല. 95% കുട്ടികളും വാഹനത്തിൽ യാത്രചെയ്യുന്നതിനാൽ മൂരാട് പാലത്തിലെ ഗതാഗതകുരുക്ക് സ്കൂളിനെ ബാധിക്കുന്നുണ്ട്.സ്കൂൾ നിൽകുന്ന സ്ഥലം റോഡിനേക്കാൾ താഴ്ന്നതിനാൽ മഴക്കാലത്ത് വെള്ളം കെട്ടികിടക്കുന്ന അവസ്ഥയും ഉണ്ട്. സ്കൂളിന് സ്വന്തമായി വാഹനമില്ല.

## സാമൂഹികം

സ്കൂളിലെ എല്ലാ കാര്യങ്ങൾക്കും സജീവമായി ഇടപെടുന്ന പി.ടി.എ.യും,SSG യുമാണുള്ളത്. തൊട്ടടുത്തുള്ള കുഞ്ഞുണ്ണി നായർ സ്മാരക വായനശാലയിൽ നിന്നും കുട്ടികൾക്ക് എല്ലാ ആഴ്ചയിലും സ്കൂളിൽ വന്ന് കൃത്യമായി പുസ്തക വിതരണം നടത്തുന്നത് ഒരു എസ്.എസ്.ജി അംഗമാണ്. സ്കൂളിന്റെ ആകർഷകമായ പെയിന്റിംഗും സൗജന്യമായി വരച്ചുതന്നത് കലാകാരനായ മറ്റൊരു SSG അംഗംമാണ് ഓണം, ബക്രീദ് തുടങ്ങിയ ആഘോഷങ്ങൾ –ഒരുമിച്ച് നല്ല പങ്കാളിത്തത്തോടെ നടത്താറുണ്ട്.

സ്കൂളിന്റെ അക്കാദമികവും ഭൗതികവുമായി പുരോഗതിക് പൂർവ്വവിദ്യാർത്ഥികളുടെയും എസ്.എസ്.ജി യുടെയും സഹായം ഇനിയും കൂടുതൽ ലഭിക്കേണ്ടതുണ്ട്.

Galaxy S23

# അക്കാദമിക മാസ്റ്റർ പ്ലാൻ -മലയാളം

കേരളത്തിലെ ഓരോ പൊതു വിദ്യാലയവും അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർന്നുവരാനുള്ള ശ്രമങ്ങൾ വിവിധതലത്തിൽ നടന്നു വരുകയാണ്. വിഷയാധിഷ്ഠിതമായി അക്കാദമിക് പ്രശ്നങ്ങൾ കണ്ടെത്തി ചർച്ചയ്ക്ക് ശേഷം വികസമനപദ്ധതി രൂപം നൽകുകയാണ് ഇവിടെ ചെയ്തിരിക്കുന്നത്.

***പ്രശ്നങ്ങൾ***

1 മുതൽ 4 വരെയുള്ള ക്ലാസുകളുലെ എല്ലാകുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേശിച്ച പഠനനേട്ടങ്ങൾ ഉറപ്പിക്കാൻ കഴിയുന്നില്ല.

പഠനപ്രവർത്തനത്തിന്റെ ഭാഗമായി പഠനേപകരണങ്ങൾ, ICT സാധ്യതകൾ ഫലപ്രദമായി വിനിയോഗിക്കുന്നില്ല.

***ഭൗതികം***

പഠനപ്രവർത്തനങ്ങൾ ഫലപ്രദമായി വിനിമയം ചെയ്യുന്നതിന് സഹായകമായ സ്ഥല സൗകര്യം, ICT സൗകര്യം എന്നിവയുള്ള ക്ലാസ്സ് മുറികളുടെ അഭാവം

ആധുനികമായ സജ്ജീകരിച്ച സ്കൂൾ ലൈബ്രറി, ഐ.ടി ലാബ് എന്നിവയുടെ അഭാവം

***സാമൂഹികം***

വിദ്യാലയത്തിലെ അക്കാദമിതവും ഭൗതികവുമായ ആവശ്യങ്ങൾ നിറവേറ്റുന്നതിനും പ്രശ്നങ്ങൾ പരിഹരിക്കുന്നതുനും സാമൂഹിക പങ്കാളിത്തം ഉറപ്പാക്കുന്നില്ല.

Galaxy S23

## അക്കാദമിക മാസ്റ്റർ പ്ലാൻ

**മേഖല :അക്കാദമികം**

**വിഷയം: മലയാളം**

**പ്രശ്നം : 1 മുതൽ 4 വരെ ക്ലാസിലുള്ള എല്ലാ കുട്ടികൾക്കും ഭാഷയിലെ ശ്രവണം, ഭാഷണം, വായന, ലേഖനം തുടങ്ങിയ പഠന നേട്ടങ്ങൾ പൂർണതയിൽ എത്തിക്കാൻ കഴിയുന്നില്ല.**

| കാരണങ്ങൾ | പരിഹാര നിർദ്ദേശങ്ങൾ | പ്രവർത്തനങ്ങൾ |
|---|---|---|
| **കുട്ടികൾ**<br>മുൻക്ലാസിൽ ലഭിക്കേണ്ട ശേഷികൾ മുഴുവൻ ലഭിച്ചില്ല<br>ശ്രദ്ധക്കുറവ്, താൽപര്യക്കുറവ്<br><br>**ടീച്ചർ**<br>എല്ലാ കുട്ടികളെയും പരിഗണിച്ചുകൊണ്ടുള്ള പഠന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ കഴിയുന്നില്ല. രക്ഷിതാക്കളുടെ പങ്കാളിത്തക്കുറവ്<br>വൈവിധ്യമാർന്ന പ്രവർത്തനങ്ങൾക്ക് സമയക്കുറവ്<br>നിരന്തര മൂല്യനിർണയത്തിന്റെ കൃത്യത കുറവ്<br><br>**രക്ഷിതാവ്**<br>വീടുകളിലെ പഠനാന്തരീക്ഷം, വിദ്യാഭ്യാസത്തിന്റെ അപര്യാപ്തത<br>രക്ഷിതാവും സ്കൂൾളുമായുള്ള ബന്ധക്കുറവ്<br><br>**സംവിധാനം**<br>പഠനസാമഗ്രികളുടെ പരിമിതി<br>ICT[illegible]ന്റെ പരിമിതി | കുട്ടികളുടെ പഠനനില നിർണയിക്കൽ<br>ഭിന്നതലക്കാരെ പരിഗണിച്ചി കൊണ്ടുള്ള സൂക്ഷ്മതല ആസൂത്രണം കൃത്യമായ നിരന്തര വിലയിരുത്തൽ ഉപയോഗപ്പെടുത്തൽ<br>പഠനസാമഗ്രികൾ ഉപയോഗപ്പെടുത്തൽ<br>പഠനപ്രവർത്തനങ്ങളിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്തുൽ | പ്രീടെസ്റ്റ് നടത്തൽ<br>ICT അധിഷ്ടിത ആസൂത്രണം, വായിക്കാം വളരാം<br>വിവിധപ്രവർത്തനങ്ങൾ<br>ലൈബ്രറി നവീകരണം<br>ക്ലാസ്സ് പി.ടി.എ. ശക്തമാക്കൽ<br>പഠനോപകരണ ശിൽപ്പശാല |

Galaxy S23

# മലയാളം

## *ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ*

വായിച്ച് വളരുക, ചിന്തിച്ച് വിവേക നേടുക എന്ന മഹത് വചനത്തിന് വേണ്ടി വിദ്യാർത്ഥികളെ വായനയുടെയും എഴുത്തിന്റെയും പാതയിലേക്ക് നയിക്കാൻ ഒരു സംരംഭം വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികളെയും മികച്ച വായനക്കാരാക്കുക ഒപ്പം മികച്ച എഴുത്തുകാരാനാക്കുക. ഈ ലക്ഷ്യം നേടുന്നതിനായി പിന്നോക്കം നിൽക്കുന്നവരെ കൂടി മുൻധാരയിലെത്തിച്ച് വായനയും എഴുത്തും ഒരു പുതിയ അനുഭവമാക്കാനുള്ള നൂതന സംരംഭം

- ***ലക്ഷ്യങ്ങൾ***

  എല്ലാവർക്കും എഴുത്തും വായനയും
- വായനക്കൂട്ടം
- അമ്മ വായന
- ക്ലാസ്സ ലൈബ്രറി. സ്കൂൾ ലൈബ്രറി
- ഗ്രന്ഥശാല അഗംത്വം
- ക്ലാസ് സഭ, സ്കൂൾ സഭ, ബാലസഭ
- വായനാസാമഗ്രികൾ കണ്ടെത്തുക, വികസിപ്പിക്കുക
- വായനയും, എഴുത്തും, വികസിപ്പിക്കുന്നതിനുള്ള തന്ത്രങ്ങൾ വികസിപ്പിക്കുക
- ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യത കണ്ടെത്തുക.
- ഭാഷയുമായി ബന്ധപ്പെട്ട സിഡി, ICT സാധ്യത സജ്ജീകരിക്കൽ

Galaxy S23

## പ്രവർത്തനങ്ങൾ

1. പ്രീടെസ്റ്റ് നടത്തുന്നു പിന്നോക്കക്കാരെ കണ്ടെത്തുന്നു.
2. അക്ഷരം ഉറപ്പിക്കൽ:- ചിത്രങ്ങളിലൂടെ മലയാള അക്ഷരങ്ങൾ ഉറപ്പിക്കുന്നു.
3. ചിഹ്നങ്ങൾ ഉറപ്പിക്കൽ: -ചിത്രം അക്ഷരകാർഡുകൾ, ചിഹ്നങ്ങൾ എഴുതിയ കാർഡുകൾ ഇവയിലൂടെ ചിഹ്നങ്ങൾ ഉറപ്പിക്കൽ
4. അക്ഷരകാർഡ് , വാക്കുകൾ എഴുതിയ കാർഡ് – അക്ഷരകാർഡിലൂടെ വാക്കുകൾ രൂപീകരിക്കൽ , വാക്കുകളിലീടെ വാക്യങ്ങൾ രൂപീകരിക്കൽ
5. ചിത്രം, അടിക്കുറിപ്പ്:- ചിത്രം നൽകൽ, അടികുറിപ്പ് പറയിപ്പിക്കൽ, അധ്യാപികയുടെ സഹായത്തോടെ എഴുതൽ
6. കഥ ബാക്കി പറയൽ, എഴുതൽ:-ഒരു കഥയുടെ കുറച്ച് ഭാഗം നൽകുന്നു ബാക്കി പറയിപ്പിക്കുന്നു, എഴുതൽ
7. കഥാപുസ്തകം നൽകൽ, വായനകുറിപ്പ് തയ്യാറാക്കൽ
8. സിഡി പ്രദർശനം:- ചിത്രങ്ങൾ അടങ്ങിയ സിഡി പ്രദർശിപ്പിക്കുന്നു. ഓരോ ചിത്രത്തെയും കുറിച്ച് പറയാനവസരം, എഴുതാനവസരം
9. ഭിന്ന ശേഷിക്കാരെ പരിഗണിക്കൽ:- ഭിന്നശേഷിക്കാർക്കായി പ്രത്യേകം പ്രവർത്തനങ്ങൾ. ഐ.ഇ.ഡി. അധ്യാപകരുടെ സേവനം
10. ക്ലാസ്സ് വായനക്കൂട്ടം രൂപീകരിക്കൽ:-ക്ലാസ്സിലെ മുഴുവൻ കുട്ടികളെയും 4 പേർ അടങ്ങിയ ഗ്രൂപ്പാക്കുന്നു എത്ര പുസ്തകം വായിക്കാം, വായനകുറിപ്പ് . പുസ്തകം എങ്ങനെ തെരെഞ്ഞെടുക്കാം(പാഠഭാഗവുമായി ബന്ധപ്പെട്ടവ) ചർച്ച വായമാക്കുറിപ്പ് അസംബ്ലി, ബാലസഭ എന്നിവയിൽ അവതരിപ്പിക്കാനവസരം
11. ക്ലാസ്സ് ലൈബ്രറി രൂപീകരിക്കൽ:- കുട്ടികളുടെ സഹായത്തോടെ വായനക്ക് സഹായമായ പുസ്തകങ്ങൾ അടങ്ങുന്ന ഒരു ക്ലാസ് ലൈബ്രറി സജ്ജീകരിക്കൽ
12. സ്കൂൾ ലൈബ്രറി നവീകരണം:- സ്കൂൾ ലൈബ്രറി നവീകരണം, പുസ്തക വിതരണം രജിസ്റ്റർ,പുസ്തക വിതരണം, പുസ്തകങ്ങൾ ക്രമീകരണം, ബർത്ത്ഡേ പുസ്തക ശേഖരണം
13. സമീപ ഗ്രന്ഥശാല അംഗത്വം:-ഗ്രന്ഥശാലയിൽ അംഗത്വം, വായനസ എഴുത്ത് പ്രോത്സാഹനം
14. വായനോത്സവം സംഘടിപ്പിക്കൽ:- കുട്ടികളുടെ കൂട്ടായ്മ, യോഗം, വായനകുറിപ്പ് , ആസ്വാദനകുറിപ്പ്, പ്രകാശനം, പുസ്തകം പരിചയപ്പെടുത്തൽ

Galaxy S23

15. പത്രവായന:- വിവിധ പത്രങ്ങൾ ക്ലാസിൽ ലഭ്യമാക്കൽ, പത്രക്വിസ്, വാർത്ത തയ്യാറാക്കൽ, പുതിയ അറിവ് കണ്ടെത്തൽ വായന, എഴുത്ത് പത്രം തയ്യാറാക്കൽ (പാഠഭാഗവുമായി ബന്ധപ്പെട്ടത്)

16. അമ്മ വായന:- സ്കൂൾ ലൈബ്രറിയിൽ നിന്ന് അമ്മമാർക്ക് പുസ്തകം തെരഞ്ഞെടുക്കാനവസരം , വായനാക്കുറിപ്പ് തയ്യാറാക്കൽ, മികച്ച കുറിപ്പ് കണ്ടെത്തൽ പ്രോത്സാഹനം.

17. വായനാകുറിപ്പ് :- ഓരോ പുസ്തക വായനയുടെയും കുറിപ്പ് ശേഖരിക്കുന്നു. ആവശ്യമായ കൂട്ടിച്ചേർക്കൽ നടത്തുന്നു. പതിപ്പ് പ്രകാശനം

18. ക്ലാസ്, സ്കൂൾ ബാലസഭകൾ:-ഓരോ ക്ലാസ്സിലും, സ്കൂളിലും ബാലസഭരൂപീകരണം. കഥ, കവിത അവതരണം

19. ദിനാചരണങ്ങൾ:- വായനയും, എഴുത്തും പ്രോത്സഹിപ്പിക്കുന്നതിന് ദിനാചരണങ്ങളുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.

20. ആനുകാലിക പ്രതിദ്ധീകരണങ്ങളും വായനയും ക്ലാസ്മുറിയിൽ, സ്കൂളിൽ ധാരാളം ആനുകാലിക പ്രസിദ്ധീകരണങ്ങളുടെ ലഭ്യത, വായന പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധ പ്രവർത്തനങ്ങൾ(കുറിപ്പ്, ക്വിസ്)

21. വായനാസാമഗ്രികൾ വികസിപ്പിക്കൽ:- കുട്ടികൾക്കായുള്ള വായനാസാമഗ്രികൾ ശേഖരിക്കൽ , പദകാർഡ്, വാക്യകാർഡ്, അക്ഷരകട്ടകൾ.

22. വായനാക്കൂട്ടം, എഴുത്തുക്കൂട്ടം:- അധ്യാപകർ, രക്ഷിതാക്കൾ, ബി.ആർ.സി അധ്യാപകർ എന്നിവരുടെ സേവനം. എഴുത്തുക്കൂട്ടം കുട്ടികളെ 4 വീതമുള്ള ഗ്രൂപ്പാക്കി വ്യക്തിഗതരചന, സംഘരചന എന്നിവ സംഘടിപ്പിക്കുന്നു ചർച്ച ചെയ്യുന്നു.

23. പൊതുവേദിയിലെ പ്രകടനങ്ങൾ :- കുട്ടികളിലെ ഭയം, സഭാകമ്പം എന്നിവ മാറ്റിയെടുക്കാൻ അസംബ്ലി, സർഗവേള, ബാലസഭ എന്നിവ സംഘടിപ്പിക്കുന്നു. പലപരിപാടികളും (കഥ, കവിത, മോണോആക്ട്) എന്നിവ അവതരിപ്പിക്കാൻ അവസരം നൽകുന്നു.

24. ഭിന്ന ശേഷിക്കാർക്കായുള്ള പ്രവർത്തനങ്ങൾ ബി.ആർ.സി, ഐ.ഇ.ഡി, ടീച്ചർമാർ എന്നിവരുടെ സഹായത്തോടെ ഭിന്നശേഷിക്കാർക്കായുള്ള പ്രവർത്തനം, ആസൂത്രണം.

25. വായനാകുറിപ്പ്, ആസ്വാദനകുറിപ്പ് തയ്യാറാക്കൽ:- പഠനപ്രവർത്തങ്ങളുമായും വായിച്ച പുസ്തകങ്ങളുമായി ബന്ധപ്പെട്ട വായനാക്കുറിപ്പും ആസ്വാദനക്കുറിപ്പും തയ്യാറാക്കൽ , പ്രകാശനം

Galaxy S23

അക്കാദമിക പ്ലാൻ – മലയാളം

പ്രശ്നം ഭാഷാപരമായ പിന്നോക്കാവസ്ഥ. വായനയിലും, ലേഖനത്തിലും എല്ലാം കുട്ടികൾക്കും പൂർണതയിലെത്താൻ കഴിയുന്നില്ല.

**ലക്ഷ്യം: ഭാഷപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ**

| ലക്ഷ്യം | ഉപപ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|---|
| 1. ഭാഷാ പരമായിട്ടുള്ള പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1. പ്രീടെസ്റ്റ്<br>2. അക്ഷരം ഉറപ്പിക്കൽ<br>3. ചിഹ്നം ഉറപ്പിക്കൽ<br>4. അക്ഷരകാർഡ് നൽകൽ<br>5. വാക്കുകൾ എഴുതിയ കാർഡ്<br>6. പദ നിർമാണം<br>7. വാക്യ നിർമാണം<br>8. ചിത്രം അടിക്കുറിപ്പ്<br>9. ചിത്ര കഥ പറയൽ<br>10. ചിത്രം കഥ എഴുതൽ<br>11. കഥ ബാക്കി എഴുതൽ<br>12. കഥാപുസ്തകം നൽകൽ<br>13. സിഡി യിൽ ചിത്രം കാണിച്ച് വാക്യ നിർമാണം<br>14. പ്രത്യേകംക്ലാസ്സ് | ജൂൺ<br>6 മാസം<br>1 വർഷം<br>തുടർപ്രവർത്തനം<br>"<br>"<br>" | ഓരോക്ലാസിലെയും ടീച്ചർ<br>SRG<br>H.M<br>PTA<br>SRG<br>BRC<br>IED<br>TRAINER<br>PTA | 4000 | PTA<br>SSA |

പ്രശ്നം : വായനയിലുള്ള പിന്നോക്കാവസ്ഥ

ലക്ഷ്യം : കുട്ടിയെ മികച്ച വായനക്കാരനാക്കുക

| ലക്ഷ്യം | ഉപപ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|---|
| 1. കുട്ടിയെ മികച്ച വായനക്കാരനാക്കുക | 1. ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>2. വായനമൂല<br>3. ക്ലാസ്സ് ലൈബ്രറി<br>4. സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>5. സമീപഗ്രന്ഥശാലാംഗത്വം<br>6. വായനോത്സവം സംഘടിപ്പിക്കൽ<br>7. പത്രവായന<br>8. അമ്മവായന<br>9. പുസ്തക ചർച്ച<br>10. വായനാപതിപ്പ്<br>11. സ്കൂൾ ബാല സഭ<br>12. ദിനാചരണങ്ങൾ<br>13. വായനസാമഗ്രികൾ വികസിപ്പിക്കൽ<br>14. വായനക്കുറിപ്പ് തയ്യാറാക്കൽ | 8 മാസം ജൂൺ മുതൽ ഡിസംബർ | ക്ലാസ്സ് ടീച്ചർ (ഭാഷ)<br>SRG<br>HM<br>PTA | 5000 രൂപ | SSA<br>PTA<br>SSA<br>PTA |

പ്രശ്നം: ലേഖനത്തിലുള്ള പിന്നോക്കാവസ്ഥ

ലക്ഷ്യം: കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക

| ലക്ഷ്യം | ഉപപ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|---|
| 3. കുട്ടികളെ മികച്ച എഴുത്തുകാരനാക്കുക. | 1. അക്ഷരങ്ങൾ, ചിഹ്നങ്ങൾ ഉറപ്പിക്കൽ<br>2. പദനിർമ്മാണം<br>3. വാക്യ നിർമ്മാണം<br>4. എഴുത്ത്ക്കൂട്ടം രൂപീകരണം<br>5. പുസ്തക ചർച്ച<br>6. ക്ലാസ്സ് ലൈബ്രറി<br>7. വായന കുറിപ്പ്<br>8. പതിപ്പ്<br>9. ആസ്വാദനക്കുറിപ്പ്<br>10. ചുമർപത്രിക തയ്യാറാ<br>11. ക്കൽ<br>12. ബാലസഭ<br>13. പൊതുവേദികളിൽ സംസാരിക്കാനുള്ള കഴിവ്<br>14. വ്യക്തിഗതരചന സംഘ രചന | 6 മാസം<br><br>1 വർഷം | വിഷയം പഠിപ്പിക്കുന്ന അധ്യാപകൻ<br><br>SRG<br><br>H.M<br>PTA<br><br>B.R.C | 5000 | PTA<br>SSA |

പ്രശ്നം: ഭാഷാപഠനത്തിന്റെ ICT സാധ്യത ഫപ്രധമായി ഉപയോഗിക്കാൻ കഴിയുന്നില്ല

ലക്ഷ്യം: ഭാഷാപഠനത്തിൽ ICT സാധ്യത പ്രയോജനപ്പെത്താനും വികസിപ്പിക്കാനുമുള്ള കഴിവ് കുട്ടികളിൽ സൃഷ്ടിക്കുക.

| ഉപപ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| വിവരസാങ്കേതിക വിദ്യ എല്ലാ മേഖലകളിയും<br>1. ഭാഷപ്രവർത്തനത്തിനുതകുന്ന വീഡിയോകൾ, കാണാനും കേൾക്കാനും ഉള്ള സൗകര്യം ഉണ്ടാക്കുക | ക്ലാസ് അധ്യാപകൻ | 1 വർഷ തുടർപ്രവർത്തനം | 3000 | PTA |
| 2. നേരത്തെ ഡൗൺലോഡ് ചെയ്യതെടുത്ത കഥകളും പാട്ടുകളും ഷോർട്ട് ഫിലിമുകളും പ്രൊജക്ടറിന്റെ സഹായത്തോടെ കാണാൻ അവസരമൊരുക്കുക. | SRG | " | 3000 | PTA |
| 3. പഠനപ്രവർത്തനവുമായി ബന്ധപ്പെട്ട വീഡിയോകൾ, പാട്ടുകൾ, കഥകൾ കാണാനും കേൾക്കാനും അവസരമൊരുക്കുക | SRG | | 3000 | PTA |
| 4. പ്രൊജക്ടർ<br>5. കമ്പ്യൂട്ടർ<br>6. സ്മാർട്ട് ക്ലാസ്റൂം | SRG | 2017-2022 | 10 ലക്ഷം | Manager<br>M.P<br>Fund |

Galaxy S23

# Introduction

ഇന്ന് ഇംഗ്ലീഷ് ഒഴിച്ചുകൂടാനാവത്ത ഒരു ഭാഷാഘടകമാണ്. അതുകൊണ്ട് തന്നെ
പ്രീ പ്രൈമറിതൊട്ടുതന്നെ ഇംഗ്ലീഷിന് വളരെയധികം പ്രധാന്യം നൽകേണ്ടതുണ്ട്.
ഇംഗ്ലീഷ് ഭാഷ വളരെ ബുദ്ധിമുട്ടുള്ള ഒരു ഭാഷയാണെന്നും ഇംഗ്ലീഷ് മീഡിയം
സ്കൂളിൽ പഠിച്ചാൽ മാത്രമേ ഇംഗ്ലീഷ് ഒഴുക്കോടെ കൈകാര്യം ചെയ്യാൻ കഴിയു
എന്നുമാണ് സമൂഹത്തിന്റെ പൊതുവേ ഉള്ള ധാരണ. അതുകൊണ്ട് തന്നെ മല
യാളം മീഡിയം സ്കൂളുകളിൽ കുട്ടികളുടെ എണ്ണം കുറഞ്ഞുവരുന്നതായും
നമുക്ക് കാണാൻ കഴിയും. ഇംഗ്ലീഷ് എഴുതാനും, വായിക്കാനും ആത്മവിശ്വാസ
ത്തോടുകൂടി സംസാരിക്കാനും കുട്ടികളെ പ്രപ്തരാക്കുക എന്ന ഉദ്ദേശത്തോടു
കൂടി കുട്ടികളേയും, അധ്യാപകരേയും , രക്ഷിതാക്കളേയും ഒരുപോലെ ഉൾകൊ
ള്ളിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത് . ഇന്ന്
എല്ലാ സ്കൂളുകളിലേയും കുറച്ചുകുട്ടികൾ മാത്രമാണ് മുൻനിരയിലേക്ക് വരു
കയും മത്സരങ്ങളിലും മറ്റും പങ്കെടുക്കുകയും ചെയ്യുന്നത്. അതിനാൽ എല്ലാവരും
വിജയി എന്നതിലേക്ക് വ്യത്യസ്തതരത്തിലുള്ള മത്സരങ്ങളും ഇതിൽ ഉൾകൊള്ളി
ച്ചിട്ടുണ്ട്.

Galaxy S23

ലക്ഷ്യം

1 മുതൽ 4 വരെയുള്ള എല്ലാകുട്ടികൾക്കും ഇംഗ്ലീഷ് എഴുതാനും, വായിക്കാനും കഴിയണം മുഴുവൻ കുട്ടികൾക്കും ഇംഗ്ലീഷ് അനായാസം കൈകാര്യം ചെയ്യാൻ പ്രാപ്തരാകണം

പ്രശ്നങ്ങൾ

- 1 മുതൽ 4 വരെയുള്ള ക്ലാസ്സുകളിൽ എല്ലാകുട്ടികൾക്കും ഇംഗ്ലീഷ് എഴുതാനും വായിക്കാനും കഴിയുന്നില്ല.
- കൂടുതൽ കുട്ടികളും വായിക്കുന്നിണ്ടെങ്കിലും simple sentence സ്വന്തമായി എഴുതാൻ സാധിക്കുന്നില്ല
- ചില കുട്ടികൾക്ക് simple word എഴുതാനും വായിക്കാനും കഴിയുന്നില്ല

| കാരണങ്ങൾ | പരിഹാര നിർദ്ദേശം | പ്രവർത്തനം |
|---|---|---|
| കുട്ടി<br>താൽപര്യകുറവ്<br>ഇംഗ്ലീഷ് കേൾക്കാനുള്ള അവസരക്കുറവ്<br>വീട്ടിൽ നിന്നുള്ള ശ്രദ്ധകുറവ്<br><br>അധ്യാപകർ<br>വായനക്കുള്ള കൂടുതൽ അവസരങ്ങൽ പ്രയോജനപ്പെടുത്താൻ സാധിക്കുന്നില്ല<br>സമയക്കുറവ്<br>വേണ്ടത്ര ക്ലാസ് പിരീഡുകൾ ലഭിക്കുന്നില്ല<br>അധ്യാപർക്ക് ഉദ്ദേശിച്ച രീതിയിൽ കുട്ടികളെ പഠിപ്പിക്കാനുള്ള സ്വാതന്ത്രമില്ലായമ<br>(സൂഷ്മതലത്തിലുള്ള ആസുത്രണക്കുറവ്) | താൽപര്യമുണ്ടാക്കുന്ന രീതിയിൽ ICT സാധ്യത പ്രയോജനപ്പെടുത്തൽ<br>പി.ടി.എ മീറ്റിംഗുകളിൽ പ്രശ്നങ്ങളെക്കുറിച്ച് സംസാരിക്കൽ<br>നിത്യജീവിതവുമായി ബന്ധപ്പെട്ട് ഇംഗ്ലീഷ് ക്ലാസിൽ സംസാരിക്കാനുള്ള അവസരമൊരുക്കൽ<br>രക്ഷിതാക്കൾക്ക് ബോധവത്കരണം<br>പി.ടി.എ മീറ്റിംഗുകളിൽ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുക | കഥ, കവിത, എന്നിവ കേൾക്കാനുള്ള അവസരമൊരുക്കൽ<br>ഇംഗ്ലീഷ് ന്യൂസ് റീഡിംഗ് പഠനോപകരണ നിർമ്മാണം<br>ക്ലാസ് പി.ടി.എ യിൽ ഇംഗ്ലീഷ് ഭാഷയെക്കുറിച്ചും, ആവശ്യകതയെക്കുറിച്ചും സംസാരിക്കാൽ. ഓരോ യൂണിറ്റിലും വേണ്ട വീഡിയോകൾ വായനാസാമഗ്രികൾ എന്നിവ സംഘടിപ്പിച്ചു പരിചയപ്പെടുത്തുന്നു. |

Galaxy S23

| | | |
|---|---|---|
| *രക്ഷിതാവ്*<br>ഇംഗ്ലീഷ് ധാരണക്കുറവ്<br>വിദ്യഭ്യാസത്തിന്റെ അപര്യപ്തത<br>സാമ്പത്തിക പിന്നോക്കാവസ്ഥ<br>സാമൂഹിക-മതപരമായ പശ്ചാത്തലം<br>സൗകര്യക്കുറവ്<br><br>*സംവിധാനം*<br>L P ക്ലാസ്സുകളിൽ പ്രത്യേക ഫണ്ടില്ല<br>സമയക്കുറവ് | | |

Galaxy S23

ലക്ഷ്യം: എല്ലാകുട്ടികളെയും ഇംഗ്ലീഷ് അനായാസം കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുക

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| ഇംഗ്ലീഷ് മാഗസിൻ | | ഫെബ്രവരി | | പി.ടി.എ |
| ഇംഗ്ലീഷ് സ്കിറ്റ് | | ഫെബ്രവരി | | പി.ടി.എ |
| സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ്സ് | ടീച്ചർ | 1-2 വർഷം | 10000 | പി.ടി.എ,SRG |
| ബാലസഭ | ടീച്ചർ, | | | സി.പി.ടി.എ |
| മാഗസിൻ നിർമ്മാണം | ഇംഗ്ലീഷ് ക്ലബ് | ഡിസംബർ | 2000 | പി.ടി.എ |

Galaxy S23

പ്രശ്നം

എല്ലാ കുട്ടികൾക്കും ഇംഗ്ലീഷിൽ സംസാരിക്കുന്നത് മനസിലാക്കാനും, ഇംഗ്ലീഷിൽ സംസാരിക്കാനും കഴിയുന്നില്ല

ലക്ഷ്യം

മുഴുവൻ കുട്ടികൾക്കും ഇംഗ്ലീഷിൽ സംസാരിക്കുന്നത് മനസ്സിലാക്കാനും ഇംഗ്ലീഷ് സംസാരിക്കാനും പ്രപ്തരാക്കുക

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| ഇംഗ്ലീഷ് walking | ടീച്ചർ, കുട്ടി | ജൂൺ മുതൽ തുടർപ്രവർത്തനം | | |
| Self introduction | ടീച്ചർ, കുട്ടി | | | |
| English Assembli (ആഴ്ചയിൽ ഒരിക്കൽ) | ടീച്ചർ, കുട്ടി | | | |
| ഇംഗ്ലീഷ് കഥപറയൽ | കുട്ടി | | | |
| English rhymes (recitation) | കുട്ടി | | | |

Galaxy S23

പ്രശ്നം റീഡിംഗ്

മുഴുവൻ കുട്ടികൾക്കും തെറ്റുകൂടാതെ വായിക്കാനും, ആശയം ഗ്രഹിക്കാനുമുള്ള ശേഷി ലഭിക്കുന്നില്ല.

ലക്ഷ്യം കുട്ടികളുടെ വായനാ ശേഷി വർദ്ധിപ്പിക്കുക

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| ലൈബ്രറി വിപുലീകരണം | SRG | മെയ് | 1000 | പി.ടി.എ |
| വായനസാമഗ്രികൾ കണ്ടെത്തൽ | SRG | ജൂൺ, | | |
| ചിത്രവായനാ പുസ്തകം | | ജൂൺ– | | |
| കൊച്ചു പദ്യ പുസ്തകം | SRG | ഫെബ്രവരി | 1000 | പി.ടി.എ |
| ചിത്രകഥാ പുസ്തകം | SEG | ജൂലൈയ് | | പി.ടി.എ |
| പത്രങ്ങൾ, മാസികകൾ | | | | |
| വർക്ക് ഷീറ്റ് | | | | |
| ഇംഗ്ലീഷ് ക്ലബ് രൂപീകരണം | | | | |
| ഇംഗ്ലീഷ് പ്രസംഗമത്സരം | | | | |
| ഇംഗ്ലീഷ് പഴഞ്ചൊല്ലു മത്സരം | ടീച്ചർ, കുട്ടി | തുടർപ്രവർത്തനങ്ങൾ | | |
| ആംഗ്യപ്പാട്ട് | | | | |
| മെമ്മറി ടെസ്റ്റ് | | | | |
| ഗദ്യവായന | | | | |

Galaxy S23

പ്രശ്നം :മുഴുവൻ കുട്ടികൾക്കും ഉദ്ദേശിച്ച പഠനനേട്ടം കൈവരിക്കാൻ സാധിക്കുന്നില്ല

ലക്ഷ്യം: എല്ലാ കുട്ടികൾക്കും ഉദ്ദേശിച്ച പഠനനേട്ടം ഉറപ്പുവരുത്തുക.

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| പ്രീടെസ്റ്റ് പരിഹാരബോധന പ്രവർത്തനങ്ങൾ തയ്യാറാക്കൽ | SEG | ജൂൺ | | പി.ടി.എ |
| മൂല്യനിർണ്ണയം നടത്തൽ ഓരോ യൂണിറ്റിനും ശേഷം യൂണിറ്റ് ടെസ്റ്റ് നടത്തുക | SEG ക്ലാസ് ടീച്ചർ | എല്ലാ മാസവും | | പി.ടി.എ |

# അക്കാദമിക പ്ലാൻ – അറബിക്

## ആമുഖം

പൊതുവിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളാവണം. ആധുനിക വിദ്യാഭാസ രംഗത്ത് പുതിയ കണ്ടെത്തലുകൾ അനിവാര്യമാണ്. ആയതിനാൽ ലോക ഭാഷകളിൽ 3ാം സ്ഥാനത്ത് നിൽക്കുന്ന അറബി ഭാഷ പഠിക്കാനും ഒഴുക്കോടെ സംസാരിക്കാനുമുള്ള കഴിവ് വികസിപ്പിക്കണം. 28 രാഷ്ട്രങ്ങളുടെ ഔദ്യോഗിക ഭാഷയായ അറബി ലോകത്ത് സജീവമായി നിൽകുന്ന ഏക പ്രാചീന സെമിറ്റിക് ഭാഷയാണ്.

## ലക്ഷ്യങ്ങൾ

- വായനാ വസന്തം
- ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ
- അറബിഭാഷാ പഠന നേട്ടങ്ങൾ മുഴുവൻ ഉറപ്പു വരുത്തുക
- വായനയിലൂടെയും, എഴുത്തിലൂടെയും ഭാഷശേഷി വർദ്ധിപ്പിക്കൽ
- സർഗ്ഗ കഴിവുകൾ വികസിപ്പിക്കൽ
- ഭാഷ പഠിപ്പിക്കാനും ഒഴുക്കോടെ സംസാരിക്കാനുള്ള കഴിവ്
- ICT സാധ്യത
- ലൈബ്രറി

## പ്രവർത്തനങ്ങൾ

- പ്രീടെസ്റ്റ് ( എഴുത്ത്, വായന)
- ലളിത പുസ്തക ശേഖരണം(കഥ, കുട്ടികവിതകൾ, ചെറിയ വിവരണപുസ്കതം)
- ക്വിസ്, ചിത്രകഥ)
- കയ്യെഴുത്ത് മാസിക
- മാസത്തിൽ ഒരു ദിവസം അറബിക് സഭ
- ഐ.ടി
- പദ പരിചയം
- അറബിക് ഫെസ്റ്റ്
- ദിനാചരണങ്ങൾ

ഗുണമേന്മ വിദ്യാലയ വികസന പരിപാടിയിലേക്ക് തയ്യാറാക്കിയ അക്കാദമിക തലം പ്രവർത്തനങ്ങളുടെ പട്ടിക ചുവടെ കൊടുത്തിരിക്കുന്നു.

Galaxy S23

| ലക്ഷ്യം | ഉപപ്രവർത്തനം | കാലം | ചുമതല | ഏജൻസി | സാമ്പത്തികം |
|---|---|---|---|---|---|
| ഭാഷപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | പ്രിടെസ്റ്റ് നടത്തൽ<br>അക്ഷരങ്ങൾ ഉറപ്പിക്കൽ<br>ഭാഷാ കളികൾ<br>കമ്പ്യൂട്ടറിൽ അക്ഷരങ്ങൾക്ക് നിറം നൽകൽ<br>കയ്യെഴുത്ത് മെച്ചപ്പെടുത്തൽ<br>ഓരോകുട്ടിക്ക് വർക്ക് ഷീറ്റ് നൽകി പ്രത്യേക പരിശീലനം | 3 മാസം | അധ്യാപിക പി.ടി.എ | | 1000 |
| വായനാ വസന്തം | വായനാ മത്സരം<br>ലളിതമായ അറബിക് പുസ്തക ശേഖരണം(ചിത്രകഥ, കുട്ടി കവിതകൾ. കിസ്, കഥ) | | | പി.ടി.എ<br>ssa | |
| കുട്ടിയെ വായനയുടെ ലോകത്തേക്ക് കൊണ്ട് വരാൻ | കൂടുതൽ പുസ്തകങ്ങൾ വായിച്ചവരെ കണ്ടെത്തി സമ്മാനം നൽകൽ<br>വായന പുസ്തക രജിസ്റ്റർ<br>കാർഡുകൾ<br>വായന വർക്ക് ഷീറ്റ് ഉപയോഗിച്ച് അധിക വായന<br>വായന കാർഡ് നിർമ്മാണം | 6 മാസം | അധ്യാപിക പി.ടി.എ | Ssa<br>ലൈബ്രറി | 3000 |

Galaxy S23

| | | | | | |
|---|---|---|---|---|---|
| ർഗാത്മകത | മാസത്തിൽ ഒരു ദിവസം അറബിക് സഭ പാടാനും, പറയാനും കഴിയുന്ന മികച്ച പ്രതിഭകളെ കണ്ടെത്തൽ<br>ഗുണപാഠ കഥകൾ ചരിത്രങ്ങൾ, കവിതകൾ, ചിത്രങ്ങൾ ഇവ എൽ.സി.ഡി പ്രൊജക്ടറിന്റെ സഹായത്തോടെ കാണാനുള്ള അവസരം ഒരുക്കൽ | 9 മാസം | അധ്യാപിക<br>BRC<br>PTA | പി.ടി.എ<br>SSA, ലൈബ്രറി | 2000 |
| പദസമ്പത്ത് വർദ്ധിപ്പിക്കൽ | പദനിർമ്മാണം മത്സരം നടത്തൽ<br>ആഴ്ചയിലൊരിക്കൽ അറബിക് ബോർഡിൽ ഒരു പദം പരിചയപ്പെടുത്തൽ<br>പദപ്രശ്നം | 2 മാസം | അധ്യാപിക<br>പി.ടി.എ | പി.ടി.എ | 500 |
| ദിനാചരണങ്ങൾ | വായനാദിനം<br>പരിസ്ഥിതി ദിനം<br>ഗാന്ധിജയന്തി<br>ശിശുദിനം<br>സ്കൂളിൽ നടക്കുന്ന ദിനാചരണങ്ങളിൽ പോസ്റ്റർ നിർമ്മാണം അതിന്റെ പ്രാധാന്യം മനസ്സിലാക്കുന്ന വിപരണം തയ്യാറാക്കൽ ക്വിസ് മത്സരം സംഘ | 1 വർഷം | BRC<br>PTA<br>അധ്യാപിക | PTA | 1000 |

Galaxy S23

| | | | | | |
|---|---|---|---|---|---|
| | ടിപ്പിക്കൽ<br>അറബിക് ദിനത്തിൽ സ്കൂൾ തലത്തിലും, ക്ലസ്റ്റർ തലത്തിലും അറബിക് ഫെസ്റ്റ് നടത്തൽ<br>ബാഡ്ജ് നൽകൽ<br>ഉദ്ഘാടനം<br>അറബിക് മത്സരങ്ങൾ<br>സമ്മാന വിതരണം<br>പ്രഭാഷണം<br>പ്രദർശനം മെമ്മറി ടെസ്റ്റ്<br>ഇവ സംഘടിപ്പിക്കൽ | 1 വർഷം | PTA<br>അധ്യാപിക | PTA | 5000 |
| ഐ.ടി സാധ്യത | ഭാഷപഠനത്തിൽ ഐ.ടിയുടെ സാധ്യത ഉപയോഗപ്പെടുത്താനും, വികസിപ്പിക്കാനുമുള്ള കഴിവുണ്ടാക്കൽ<br>സി.ഡി പ്രദർശിപ്പിക്കൽ<br>ചിത്രങ്ങൾ<br>ഫിലിം പ്രദർശനം<br>കഥകളും, കവിതകളും കേൾപ്പിക്കൽ<br>ലാംഗ്വേജ് ഗെയിം | 6 മാസം | PTA<br>അധ്യാപിക | PTA | 5000 |
| ലൈബ്രറി | ലൈബ്രറി സജ്ജീകരിക്കൽ<br>ചെറിയ കഥകൾ, കവിതകൾ , കാർഡുകൾ ഇവ ഒരുക്കൽ | 6 മാസം | PTA<br>ലൈബ്രറി | | 2500 |

മേഖല : അക്കാദമികം

വിഷയം: അറബിക് LP

പ്രശ്നം - ഒന്നു മുതൽ നാലുവരെയുള്ള എല്ലാകുട്ടികൾക്കും അറബി ഭാഷയിൽ വായന, ലേഖനം, ശ്രവണം എന്നീമേഖലകളിൽ പഠനനേട്ടങ്ങൾ മുഴുവൻ ഉറപ്പിക്കാൻ കഴിയുന്നില്ല.

| കാരണങ്ങൾ | പരിഹാര നിർദ്ദേശങ്ങൾ | പ്രവർത്തനങ്ങൾ |
|---|---|---|
| **കുട്ടി**<br>1. ശ്രദ്ധകുറവ് , താൽപര്യക്കുറവ്<br>2. അറബി കേൾക്കാനുള്ള അവസരക്കുറവ്<br>3. മുൻക്ലാസ്സിൽ ലഭിക്കേണ്ട ശേഷികൾ മുഴുവൻ ലഭിച്ചില്ല | 1. ഭിന്നനിലവാരക്കാരെ പരിഗണിച്ച് കൊണ്ട് സൂഷ്മതല ആസൂത്രണം<br>2. കൃത്യമായ വിലയിരുത്തൽ | 1. പ്രീടെസ്റ്റ് നടത്തുക<br>2. തുടർപ്രവർത്തനങ്ങൾ<br>3. മൊഡ്യൂൾ തയ്യാറാക്കൽ<br>4. ICT സാധ്യതകണ്ടെത്തിയുള്ള ആസൂത്രണം<br>5. പഠനോപകരണശിൽപ്പശാല<br>6. ലൈബ്രറി വികസനം |
| **അധ്യാപകൻ**<br>1. എല്ലാകുട്ടികളെയും പരിഗണിച്ചുള്ള പ്രവർത്തനങ്ങൾ നൽകാൻ കഴിയുന്നില്ല<br>2. സമയകുറവ്<br>3. നിരന്തര മൂല്യനിർണയത്തിന്റെ കൃത്യതകുറവ് | 1. ക്ലാസ്സ് ടെസ്റ്റ്<br>2. ഗ്രൂപ്പ് പ്രവർത്തനത്തിന് പ്രധാന്യം നൽകൽ<br>3. ICT സാധ്യത ഉപയോഗപ്പെടുത്തൽ | |
| **രക്ഷിതാവ്**<br>1. വിദ്യാഭ്യാസ കുറവ്<br>2. ഭാഷയിലുള്ള അറിവില്ലായ്മ<br>3. രക്ഷിതാവും സ്കൂളുമായുള്ള ബന്ധകുറവ്<br>4. സാമ്പത്തിക കുറവ് | 1. പഠനപ്രവർത്തനങ്ങളിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്തുക. | |
| **സംവിധാനം**<br>1. പഠനസാമഗ്രികളുടെ പരിമിതി<br>ICT സൗകര്യ പരിമിതി | | |

Galaxy S23

# ഗണിതം

## ആമുഖം

ഗണിതം മനോഹരവും ഏറ്റവും ഉപകാരപ്രദവുമായ വിഷയമായതു കൊണ്ടുതന്നെ അത് ഏറ്റവും അടുക്കും ചിട്ടയോടും കൂടി പഠിച്ചാൽ മാത്രമേ അത് പൂർണമായും ഫലവത്താവുകയുള്ളു, യാന്ത്രികമായ ഗണിതപഠനം അൽപംപോലും ഗുണകരമാവുകയില്ല. മറിച്ച് ജീവിത സാഹചര്യങ്ങളുമായി ബന്ധിപ്പിച്ച് പഠിക്കുകയാണെങ്കിൽ അത് ഏറ്റവും രസകരമായും, എളുപ്പത്തിലും പഠിക്കാൻ കഴിയും. ഓരോ കുട്ടിയിലും ഗണിതം തനിക്ക് പഠിക്കാൻ കഴിയുമെന്ന വിശ്വാസം ഉണ്ടാക്കിയെടുക്കേണ്ടത് അധ്യാപകനാണ്.

Galaxy S23

മേഖല :അക്കാദമികം

പ്രശ്നങ്ങൾ: അക്കാദമികം

- ✖ ചതുഷ്ക്രിയകൾ എല്ലാകുട്ടികളിലും ഉറപ്പിക്കാൻ കഴിഞ്ഞിട്ടില്ല.
- ✖ പഠനം രസകരമാക്കാനും ജീവിത സാഹചര്യങ്ങളുമായി ഗണിതം ബന്ധിപ്പിക്കുവാൻ കഴിയാറില്ല

ഭൗതികം

- ✖ പഠനോപകരങ്ങളുടെ അഭാവം
- ✖ ICT സാധ്യതകൾ ഉപയോഗപ്പെടുത്താൻ കഴിയുന്നില്ല
- ✖ റഫറൻസ് ഗ്രന്ഥങ്ങളുടെ കുറവ്

സാമൂഹികം

- ✖ ഗണിത പഠനത്തിനായി സമൂഹികപങ്കാളിത്തം ഉപയോഗപ്പെടുത്താൻ കഴിയുന്നില്ല

| കാരണങ്ങൾ | പരിഹാര നിർദ്ദേശങ്ങൾ | പ്രവർത്തനങ്ങൾ |
| --- | --- | --- |
| കുട്ടി<br>വീട്ടിൽ നിന്നുള്ള പിന്തുണയില്ലാത്തത്<br>ടിവി, മൊബൈൽ സ്വാധീനം<br>കഴിവുള്ള അധ്യാപകരില്ല<br><br>ടീച്ചർ<br>സമയ കുറവ്<br>പ്ലാനിംഗിന്റെ അഭാവം<br>എല്ലാ കുട്ടികളേയും ശ്രദ്ധിക്കാൻ കഴിയുന്നില്ല<br><br>രക്ഷിതാവ്<br>ക്ലാസ്സ് പി.ടി.എ യിൽ വരാൻ കഴിയുന്നില്ല<br>അധ്യാപകർ നോക്കുമെന്ന ചിന്ത<br>പാഠഭാഗം ധാരണയില്ലായ്മ<br><br>സംവിധാനം<br>മോനിറ്ററിംഗിന്റെ അഭാവം<br>ഫണ്ടുകൾ ഇല്ലാത്തത്. | രക്ഷിതാക്കളെ ബോധവൽക്കരിക്കുക.<br><br>കൃത്യമായ പ്ലാനിംഗ് നടത്തുക | പ്രീടെസ്റ്റ്<br>ഗണിതക്ലബ്<br>ഉത്തരപ്പെട്ടി<br>ഗണിത കളികൾ<br>റിസോഴ്സ് ടീച്ചറുടെ ക്ലാസുകൾ<br>മനകണക്ക്<br>ICT ഉപയോഗപ്പെടുത്തൽ |

Galaxy S23

ലക്ഷ്യം: ചതുഷ്ക്രിയകൾ എല്ലാം കുട്ടികളിലും ഉറപ്പിക്കൽ

| ഉപപ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| പ്രീടെസ്റ്റ് | വിഷയ അധ്യാപകൻ | ജൂൺ | 250 | പി.ടി.എ |
| ഗണിത ക്ലബ് രൂപീകരണം | ചുമതല അധ്യാപകൻ | ജൂലായ് | 100 | പി.ടി.എ |
| റഫറൻസ് പുസ്തക ശേഖരണം | വിഷയ അധ്യാപകൻ | 1 വർഷം | 2000 | പി.ടി.എ SSG |
| ഗണിത മാഗസിൻ | ചുമതല അധ്യാപകൻ | ഡിസംബർ | 1000 | പി.ടി.എ |
| ഗണിത ശിൽപ്പശാല | ചുമതല അധ്യാപകൻ | വർഷത്തിൽ1 | 1000 | പി.ടി.എ |
| മെട്രിക് മേള | ചുമതല അധ്യാപകൻ | നവംബർ | 1000 | പി.ടി.എ |

Galaxy S23

# പരിസരപഠനം

നാം ജീവിക്കുന്ന ഭൂമി, മണ്ണ്, വായു, ജലം എല്ലാം തന്നെ പ്രകൃതിജന്യമാണ്. നമ്മുടെ കുട്ടികൾ ചെറുപ്പത്തിൽ തന്നെ പരിസരവുമായി ബന്ധിപ്പിച്ചു കൊണ്ടുള്ള ഒരു പഠന സമീപനമാണ്. ഇന്നു നമ്മുടെ ക്ലാസ് മുറികളിൽ അനുവർത്തിച്ചു വരുന്നത്. പ്രകൃതിയെ തൊട്ടറിയാനും പരിസരത്തെ മലിനമാക്കാതെ ജീവിക്കാനും ഉള്ള പരിശീലം കുഞ്ഞുനാളിൽ തന്നെ കുട്ടികൾക്കു വിദ്യാലയം വഴി ലഭിക്കേണ്ടതുണ്ട്. ശാസ്ത്ര പഠനത്തിന്റെ രണ്ടു ഉരകല്ലുകളായ നിരീക്ഷണവും പരീക്ഷണവും ഇളം പ്രായത്തിൽ തന്നെ സ്വായത്തമാക്കേണ്ടതുണ്ട്. ശാസ്ത്ര പഠനത്തിന്റെ ഉയന്ന തലത്തിലേക്കു നയിക്കാൻ ഇത്തരം ബാലപാഠങ്ങൾ അനിവാര്യമാണ്.

Galaxy S23

# അക്കാദമിക മാസ്റ്റർ പ്ലാൻ - പരിസരപഠനം

***പ്രശ്നങ്ങൾ***

അക്കാദമികം

1 മുതൽ 4 വരെയുള്ള ക്ലാസ്സുകളിലെ എല്ലാ കുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേശിച്ച പഠനനേട്ടങ്ങൾ ഉറപ്പിക്കാൻ കഴിയുന്നില്ല.

ഭൗതികം

പഠനപ്രവർത്തനങ്ങൾ ഫലപ്രദമായി വിനിമയം ചെയ്യാനുള്ള സ്ഥല പരിമിതി ICT സൗകര്യത്തിന്റെ അഭാവം

സാമൂഹികം

വിദ്യാലയത്തിലെ അക്കാദമികവും ഭൗതികവുമായ ആവശ്യങ്ങൾ നിറവേറ്റുന്നതിനും പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സാമൂഹിക പങ്കാളിത്തക്കുറവ്.

Galaxy S23

മേഖല അക്കാദമികം

പ്രശ്നങ്ങൾ

1 മുതൽ 4 വരെയുള്ള കുട്ടികൾക്ക് പരിസരപഠനവുമായി ബന്ധപ്പെട്ട പഠനനേട്ടങ്ങൾ പൂർണതയിൽ എത്തുന്നില്ല

| കാരണങ്ങൾ | പരിഹാരനിർദ്ദേശങ്ങൾ | പ്രവർത്തനങ്ങൾ |
|---|---|---|
| കുട്ടികൾ<br>മുൻപത്തെ ക്ലാസിൽ നിന്നും കിട്ടേണ്ട ശേഷികൾ മുഴുവൻ ലഭിക്കുന്നില്ല<br>ശ്രദ്ധക്കുറവ് | കുട്ടികളുടെ പഠന നില നിർണയിക്കൽ | പ്രീടെസ്റ്റ് നടത്തുക |
| അധ്യാപകർ<br>എല്ലാ നിലവാരത്തിലുമുള്ള കുട്ടികളെ പരിഗണിച്ച് പ്രവർത്തനങ്ങൾ ചെയ്യാൻ കഴിയുന്നില്ല.<br>പരീക്ഷണ സാമഗ്രികളുടെ കുറവ് | ഭിന്ന തലക്കാരെ പരിഗണിച്ച് കൊണ്ടുള്ള സൂക്ഷ്മതല ആസൂത്രണം നടത്തൽ | ICT ഉപയോഗിച്ചുള്ള പഠനാസൂത്രണം |
| രക്ഷിതാവ്<br>പാഠഭാഗങ്ങളുടെ പരിചയമില്ലായ്മ<br>സമയക്കുറവ്<br>ക്ലാസ് പി.ടി.എ യിൽ പങ്കാളിത്തക്കുറവ് | ക്ലാസ്സ് പി.ടി.എ യോഗങ്ങളിൽ പങ്കെടുക്കുക<br>രക്ഷാകർതൃശിൽപ്പശാലകൾ നടത്തുക | രക്ഷാകർതൃശിൽപ്പശാലകൾ വിഷയാടിസ്ഥാനത്തിൽ നടത്തുക |
| സംവിധാനം<br>ICT സംവിധാനത്തിന്റെ പരിമിതി<br>പഠനസാമഗ്രികളുടെ പരിമിതി | വിദ്യാലയത്തിൽ ആവശ്യത്തിനുള്ള ഉപകരണങ്ങൾ ലഭ്യമാക്കണം | പഠനോപകരണശിൽപ്പശാല |

Galaxy S23

പ്രശ്നം പരിസരപഠനവുമായി ബന്ധപ്പെട്ട ശേഷികൾ എല്ലാ കുട്ടികൾക്കും എത്തി ക്കാൻ കഴിയുന്നില്ല

ലക്ഷ്യം 1 മുതൽ 4 വരെയുള്ള കുട്ടികൾക്ക് പരിസരപഠനവുമായി ബന്ധപ്പെട്ട കാര്യ ങ്ങൾ മനസ്സിലാക്കാൻ

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| പക്ഷി നിരീക്ഷണം<br>പരിസര ശുചിത്വം<br>വ്യക്തി ശുചിത്വം<br>ജല സംരക്ഷണം<br>ശാസ്ത്രാവബോധം, സ്വാവബോധം ഉണ്ടാക്കൽ<br>പ്രശ്ന പരിഹരണശേഷി | ക്ലാസ്സ് ടീച്ചർ | ഓരോ പഠവുമായബന്ധപ്പെട്ടത് | | പി.ടി.എ |

Galaxy S23

പ്രശ്നം :ചുറ്റുപാടും നിരീക്ഷണത്തിനുള്ള അവസരമില്ലായ്മ

ലക്ഷ്യം :ചുറ്റുപാടും നിരീക്ഷിക്കാനുള്ള കഴിവ് ഉണ്ടാക്കൽ

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| ക്ലാസ്സുകളിൽ കുട്ടികൾക്ക് നിരീക്ഷിക്കാനുള്ള അവസരം ഉണ്ടാക്കൽ | ക്ലാസ് അധ്യാപിക | ജൂലായ് ആഗസ്റ്റ് | | പി.ടി.എ |

പ്രശ്നം :പൊതുസ്ഥാപനങ്ങളെ കുറിച്ചുള്ള അവബോധമില്ലായ്മ

ലക്ഷ്യം :കുട്ടികളിൽ പൊതുസ്ഥാപനങ്ങളെ കുറിച്ച് അറിവ് ഉണ്ടാക്കൽ

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| പൊതുസ്ഥാപനങ്ങളിലേക്ക് ഒരു ഫീൽഡ് ട്രിപ്പ് | ക്ലാസ്സ് അധ്യാപിക | ജൂലായ് ആഗസ്റ്റ് | 1000 | പിടിഎ |

# ആരോഗ്യ കായിക വിദ്യാഭ്യാസം

നല്ല ആരോഗ്യമുള്ള പൗരൻമാരാണ് ഒരു രാജ്യത്തിന്റെ സമ്പത്ത്. ഭരണഘടനയിൽ പോലും കുട്ടികളുടെ അവകാശങ്ങളെ കുറിച്ച് പ്രത്യേകം പറയുന്നുണ്ട്. കുട്ടികൾക്ക് നല്ല വിദ്യാഭ്യാസവും, നല്ല ആരോഗ്യവും നൽകുക എന്നത് ഒരു ഗവൺമെന്റിന്റെ ചുമതലയാണ്. സ്കൂളുകളിൽ കുട്ടികളുടെ ആരോഗ്യം സംരക്ഷിക്കപ്പെടുകയും, കായിക വിനോദങ്ങൾക്ക് പ്രോത്സാഹനം നൽക്കേണ്ടതുമുണ്ട്. കാര്യങ്ങളെ ഒരു സ്പോട്സ്മാൻ സ്പിരിറ്റോടെ സമീപിക്കാൻ കുട്ടികൾക്ക് കഴിയണമെങ്കിൽ കുട്ടികൾ കളിയിൽ ഏർപ്പെടുകതന്നെ വേണം. അലരുടെ അലസമനോഭാവം മാറ്റാനും ഉൻമേഷം നൽകാനും കളികൾ സഹായിത്തുമെന്ന് തീർച്ചയാണ്.

Galaxy S23

പ്രശ്നം: ആരോഗ്യ-കായിക വിദ്യാഭ്യാസത്തിന്റെ അഭാവം

| കാരണങ്ങൾ | പരിഹാര നിർദ്ദേശങ്ങൾ | പ്രവർത്തനങ്ങൾ |
|---|---|---|
| ***കുട്ടി***<br>താൽപര്യകുറവ് | | ഉച്ചഭക്ഷണം പോഷകസമൃദ്ധമാക്കൽ |
| മടി<br>തോൽക്കുമോ എന്ന ഭയം<br>ഗ്രൗണ്ടിന്റെ അപര്യപ്തത<br>ഇഷ്ടഭക്ഷണം കിട്ടുന്നില്ല | ബോധവൽക്കരണം | അനാരോഗ്യഭക്ഷണങ്ങൾ ഒഴിവാക്കുക<br>സൈക്കിൾ പരിശീലനം |
| ***ടീച്ചർ***<br>പരിശീലനം ലഭിച്ചിട്ടില്ല<br>കായിക ഉപകരണങ്ങളില്ല<br>സാമ്പത്തിക പ്രശ്നം | പരിശീലനം നേടൽ<br>സാമൂഹ്യപങ്കാളിത്തെ ഉറപ്പാക്കൽ | ഉച്ചഭക്ഷണമെനു തയ്യാറാക്കൽ<br>ശുചിത്വ പരിശോധന |
| ***രക്ഷിതാവ്***<br>അപകട ഭയം<br>ജോലി സാധ്യതയില്ലയെന്ന തോന്നൽ | കായിക പുസ്തകങ്ങൾ വാങ്ങൽ | ICT ഉപയോഗം |
| ***സംവിധാനം***<br>എൽ.പി യിൽ കായികാധ്യാപക നിയമനമില്ല<br>ഫണ്ട് കുറവ് | ജൈവപച്ചക്കറി സംഘടിപ്പിക്കൽ | |

Galaxy S23

ലക്ഷ്യം : എല്ലാ കുട്ടികൾക്കും ആരോഗ്യം

| ഉപപ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| ...ൽത്ത് കാർഡ് നിർമ്മാണം | ചുമതല അധ്യാപകൻ | ജൂൺ | 2000 | പി.ടി.എ |
| ...ത്തൽ പരിശീലനം | ചുമതല അധ്യാപകൻ | ജൂലായ് | 1000 | പി.ടി.എ |
| ...യിക ശിൽപ്പശാല | ചുമതല അധ്യാപകൻ | സെപ്തംബർ | 1000 | പി.ടി.എ |
| ...ാഗ ക്ലാസ്സ് | ചുമതല അധ്യാപകൻ | ഡിസംബർ | 1000 | പി.ടി.എ |
| ...യിക ഉപകരണം സംഘടി...ക്കൽ | ചുമതല അധ്യാപകൻ | 2 വർഷം | 5000 | പി.ടി.എ |

Galaxy S23

# ജൈവ – വൈവിധ്യ ഉദ്യാനം

ആമുഖം

കുട്ടികൾ പ്രകൃതിയെ സ്നേഹിക്കുന്നതോടൊപ്പം തന്നെ അവയെ സംരക്ഷിക്കാനുള്ള ഉത്തരവാദിത്തബോധവും ചെറുപ്പം മുതലേ അവരിൽ വളരേണ്ടതുണ്ട്. പ്ലാസ്റ്റിക്കുകളും, രാസവസ്തുക്കളും, കോൺഗ്രീറ്റും എത്രമാത്രം മണ്ണിന് ദോഷകരമാണെന്ന് കുട്ടികൾ തിരിച്ചറിയണം. തുമ്പികളും, പൂമ്പാറ്റകളും, വണ്ടും, പ്രണികളും സ്കൂളിൽ വിരുന്നുകാരാവണം. ഇത്തരം ചെറുജീവികൾ പ്രകൃതിയുടെ സംരക്ഷകരാണെന്ന ബോധം അവരിലുണ്ടാകണം. ചെടികളേയും, പൂക്കളേയും, പൂമ്പാറ്റകളേയും കുട്ടികൾ നിരീക്ഷിക്കട്ടെ

***പ്രശ്നം: ജൈവവൈവിധ്യപാർക്കിന്റെ അഭാവം***

***പരിമിതി : സ്കൂളിന് സ്വന്തമായ് കെട്ടിടമല്ലാതെ ഒരു സെന്റ് സ്ഥലംപോലും ഇല്ല.***

***ലക്ഷ്യം***

- ***ജൈവവൈവിധ്യം നിലനിർത്തൽ***
- ***നിരീക്ഷണത്തിനുള്ള അവസരമൊരുക്കൽ***
- ***പ്രകൃതി സ്നേഹം വർദ്ധിപ്പിക്കാൻ***
- ***മുഷിപ്പില്ലാതാക്കി ഉൻമേഷം കിട്ടാൻ***
- ***ശുദ്ധവായുവും സുഗന്ധവും കിട്ടാൻ***